കഴിഞ്ഞ സർക്കാരിന്റെ കാലത്തെ നിയമനം

23 (4361) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആകെ എത്ര തസ്തികകളാണ് വിവിധ വകുപ്പുകളിലായി വെട്ടിക്കുറച്ചിരിക്കുന്നത് ;

(ബി) വെട്ടിക്കുറച്ച തസ്തികകളുടെ വകുപ്പുതല കണക്ക് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടത് ;

(ഡി) ഇതിന്റെ വകുപ്പുതല കണക്ക് അറിയിക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

ബിവറേജസ് കോർപ്പറേഷനിലെ നിയമനം

24 (4362) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലേക്ക് എൽ.ഡി.ക്ലർക്ക്, അസിസ്റ്റന്റ് തസ്തികകളിലേക്ക് 2008 നവംബറിൽ അപേക്ഷ ക്ഷണിച്ചിരുന്നോ ;

(ബി) ഈ അപേക്ഷ പ്രകാരം അസിസ്റ്റന്റ് തസ്തികയിലേക്കോ, എൽ.ഡി. ക്ലർക്ക് തസ്തികയിലേക്കോ പരീക്ഷ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നടന്നത് ;

(സി) പരീക്ഷ നടത്തിയെങ്കിൽ ഇവയുടെ ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്ത് ;

(ഇ) ഈ തസ്തികയിലേക്കുള്ള പരീക്ഷകൾക്കുശേഷം നടന്ന എത്ര തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly